**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6020** **17-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പരാതി പരിഹാര സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | **മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ മെഡിസെപ് പോർട്ടലിലെ ഗ്രീവൻസ് ലിങ്കിലെ level-1 മുഖേന ഇൻഷുറൻസ് കമ്പനിക്ക് സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം പരിഹാരമാകാത്ത പരാതികൾ 27.06.2022 ലെ സ.ഉ.(പി).76/2022/ധന പ്രകാരം സർക്കാർ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ത്രിതല പരാതിപരിഹാര സംവിധാനത്തിലും പോർട്ടലിലെ ഗ്രീവൻസ് ലിങ്കിലെ level-2 മുഖേന പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്.**<br><br>i) ജില്ലാതല പരാതി പരിഹാര കമ്മിറ്റി (DGRC)<br><br>ii) സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി (SGRC)<br><br>**(iii) അപ്പലേറ്റ് അതോറിറ്റി** |
| (ബി) | മെഡിസെപ്പുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പരാതികൾ പരിഹരിച്ചു എന്നും വ്യക്തമാക്കാമോ; | (ബി) | **ജില്ലാതല പരാതി പരിഹാര സെല്ലുകളിൽ 12.03.2023 വരെ ലഭിച്ച 469 പരാതികളിൽ 242 എണ്ണം പരിഹരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ മെഡിസെപ് പോർട്ടലിലെ ഡാഷ് ബോർഡിൽ upload ചെയ്തിട്ടുണ്ട്.** |
| (സി) | മെഡിസെപ്പ് ഉള്ളവർക്ക് ചില ഹോസ്പിറ്റലുകൾ ഭൗതിക സാഹചര്യങ്ങൾ നിഷേധിക്കുന്നതായുള്ള പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത്തരം ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇത്തരത്തിലുള്ള പരാതികൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ